# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2965 18.06.2019 -ൽ മറുപടിക്ക്

**മലയാള ഭാഷാപഠന ആക്ട്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.ഉമ്മർ**<br>**ശ്രീ.സി.മമ്മൂട്ടി**<br>**ശ്രീ.കെ.എൻ.എ ഖാദർ**<br>**ശ്രീ.പി.കെ.അബ്ദു റബ്ബ്** | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധിത ഭാഷയായി പഠിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള 2017 -ലെ മലയാള ഭാഷാപഠന നിയമത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത നിയമത്തിന് വിധേയമായി നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | എ | സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താം തരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി 02.06.2018 ലെ സർക്കാർ ഉത്തരവ് (അച്ചടി)നമ്പർ 14/2018/പൊ.വി.വ പ്രകാരം മലയാള ഭാഷാ പഠന ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം 2018-19 അക്കാദമിക വർഷം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താം തരം വരെ മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള പരിശോധനകൾ നടത്തുന്നതിനായി എല്ലാ റവന്യൂ/വിദ്യാഭ്യാസ ജില്ലാ തലങ്ങളിലും പരിശോധകരുടെ പാനൽ രൂപീകരിക്കുകയും ചട്ടപ്രകാരമുള്ള പരിശോധനകൾ കഴിഞ്ഞ വർഷം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ മഴ, തസ്തിക നിർണ്ണയ പ്രവർത്തനങ്ങൾ എന്നിവ മൂലം |

| | | | |
|---|---|---|---|
| | | | സ്കൂൾ പരിശോധനകൾ ഒരു ജില്ലയിലും പൂർത്തിയായില്ല. ആയതിനാൽ പരിശോധന പൂർത്തിയാക്കാൻ ഡിസംബർ 31 വരെ സമയം അനുവദിക്കുകയും ഈ കാലയളവിൽ കൂടുതൽ പരിശോധനകൾ നടത്തുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും കഴിഞ്ഞ വർഷം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഈ പരിശോധന നടന്നുവെന്ന് പറയാൻ കഴിയില്ല. 2019-20 വർഷത്തിൽ മലയാള ഭാഷാ പഠന ചട്ടങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>മലയാള ഭാഷാപഠന നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇതരഭാഷകൾ മാതൃഭാഷയായിട്ടുള്ള ഭാഷ ന്യൂനപക്ഷ വിഭാഗങ്ങളിലെ കുട്ടികൾക്ക് മലയാളം പഠിക്കാൻ സഹായകമായ പാഠപുസ്തകങ്ങൾ തയ്യാറാക്കാൻ എസ്.സി.ഇ.ആർ.ടി യെ ചുമതലപ്പെടുത്തിയിരുന്നു. ഒരു അദ്ധ്യയന വർഷം ഒരു ക്ലാസ്സിലേക്കുള്ള പുസ്തകം എന്ന നിലയിലാണ് അത് തയ്യാറാക്കി വരുന്നത്. ഒന്നു മുതൽ മൂന്നു വരെ ക്ലാസ്സുകളിലെ കുട്ടികൾക്കു വേണ്ട പാഠപുസ്തകങ്ങൾ തയ്യാറാക്കിക്കഴിഞ്ഞു. അടുത്ത വർഷം നാലാംക്ലാസ്സിലേക്കുള്ള പാഠപുസ്തകം തയ്യാറാക്കുന്നതാണ്. ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെ സ്കൂളുകളിലേക്ക് മാറ്റം വാങ്ങി വരുന്ന വിദ്യാർത്ഥികളുടെ മലയാള പഠനത്തിന് പിന്തുണ |

| | | | |
|---|---|---|---|
| | | | നൽകാനുള്ള ക്രമീകരണം എസ്.സി.ഇ.ആർ.ടി യിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഡയറ്റുകൾ വഴി ഇതിനുള്ള സംവിധാനം ചെയ്തുവരുന്നു. |
| ബി | പ്രസ്തുത നിയമത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്കൂൾ അധികൃതർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് അറിയിക്കാമോ; | ബി | 2018 ലെ മലയാള ഭാഷാ പഠന ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്കൂളുകളുണ്ടെന്ന് ഒരു ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ കാസർഗോഡ് ജില്ലയിലെ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിൽ മലയാളം പഠിപ്പിക്കാൻ പ്രാപ്തരായ അദ്ധ്യാപകരില്ലാത്തതിനാൽ അവിടങ്ങളിൽ മലയാള ഭാഷാപഠനം സാധ്യമാകാത്ത സാഹചര്യമാണുള്ളത് എന്ന് കാസർഗോഡ് ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഒന്നിൽ കൂടുതൽ സ്കൂളുകളെ ക്ലബ് ചെയ്ത് അവിടങ്ങളിൽ സംരക്ഷിതാധ്യാപകരെ നിയോഗിച്ച് മലയാള ഭാഷാപഠനം കൂടുതൽ കാര്യക്ഷമമാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ സി.ബി.എസ്.ഇ/ സി.ഐ.എസ്.സി.ഇ കരിക്കുലം പിന്തുടരുന്ന സ്കൂളുകളിലും കേന്ദ്രീയ വിദ്യാലയങ്ങളിലും മലയാള ഭാഷാപഠനത്തോട് വിമുഖത കാട്ടുന്നുണ്ട്. |

| | | | |
|---|---|---|---|
| സി | നിയമം നിലവിൽ വന്ന ശേഷം എത്ര സ്കൂളുകൾക്ക് പിഴ ചുമത്തിയിട്ടുണ്ട്; വിശദമാക്കാമോ; | സി | ഒരു സ്കൂളുകൾക്കും പിഴ ചുമത്തിയിട്ടില്ല. |
| ഡി | മലയാള ഭാഷാ പഠനം പ്രോത്സാഹിപ്പിക്കുന്നതിനായി ചട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പ് നടപ്പിലാക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | ഡി | 2018 ലെ മലയാള ഭാഷാപഠന ചട്ടങ്ങൾ, ചട്ടം (7) പ്രകാരം പത്താം തരത്തിൽ മലയാളത്തിന് മികച്ച വിജയം നേടുന്ന വിദ്യാർത്ഥികളിൽ തുടർന്നുള്ള ഹയർ സെക്കന്ററി പഠനത്തിനും മലയാളം ഒരു വിഷയമായി പഠിക്കുന്നവരിൽ 5% പേർക്കാണ് സ്കോളർഷിപ്പ് നൽകാൻ നിർദ്ദേശിച്ചിരിക്കുന്നത്. ഈ ചട്ടം സംബന്ധിച്ച് താഴെപറയുന്ന കാര്യങ്ങളിൽ സ്പഷ്ടീകരണം ആവശ്യമായതിനാൽ പ്രസ്തുത ചട്ടം ഭേദഗതി വരുത്തുന്ന വിഷയം പരിശോധിച്ചു വരുന്നു.<br><br>1) ഏകദേശം രണ്ട് ലക്ഷത്തിലധികം കുട്ടികൾ എസ്.എസ്.എൽ.സി പരീക്ഷയിൽ മലയാളത്തിന് ഓരോ വർഷവും എ+ നേടുന്നുണ്ട്. ഇവരുടെ മാർക്ക് വിവരം സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്താറില്ല. അതുകൊണ്ട് തന്നെ എ+ നേടിയവരിൽ നിന്ന് ഏറ്റവും കൂടുതൽ മാർക്ക് നേടിയ 5% കുട്ടികളെ കണ്ടെത്തുന്നത് ദുഷ്കരമാണ്. |

| | | | |
|---|---|---|---|
| | | | 2) ഏതെങ്കിലും സ്കോളർഷിപ്പ് നൽകുന്ന ഏജൻസി/ഓഫീസ് ആവശ്യപ്പെട്ടാൽ പരീക്ഷാ ഭവനിൽ നിന്ന് കുട്ടികളുടെ മാർക്ക് വിവരം പ്രസ്തുത ഏജൻസിയെ / ഓഫീസിനെ നേരിട്ട് അറിയിക്കാൻ സംവിധാനമുണ്ട്. നമ്മുടെ സ്കൂളുകളിൽ നിന്നെല്ലാം ഇത്തരം അപേക്ഷകൾ പരീക്ഷാ ഭവനിലേക്ക് ചെല്ലുന്ന അവസ്ഥയുണ്ടായാൽ അത് അവിടത്തെ ജോലിഭാരം ക്രമാതീതമായി വർദ്ധിക്കാനേ ഇടയാക്കൂ.<br><br>3) പ്രതിവർഷം ഉണ്ടാകുന്ന രണ്ട് ലക്ഷത്തിലധികം എ+ നേടുന്ന കുട്ടികളിൽ 5% പേർക്ക് സ്കോളർഷിപ്പ് നൽകിയാൽ ഓരോ വർഷവും പതിനായിരത്തിലധികം പേർക്ക് അത് നൽകേണ്ടി വരും. ഒരു കുട്ടിക്ക് 500 രൂപയെങ്കിലും സ്കോളർഷിപ്പ് ഇനത്തിൽ നൽകിയാൽ പ്രതിവർഷം ഇതിന് അൻപത് ലക്ഷത്തിലധികം രൂപ വേണ്ടി വരും.<br><br>4) എസ്.എസ്.എൽ.സി ക്ക് മലയാളം പഠിക്കുന്ന കുട്ടികളെയാണ് സ്കോളർഷിപ്പിന് പരിഗണിക്കുന്നതെങ്കിലും ഹയർ സെക്കന്ററി തലത്തിലാണ് അത് നല്കി തുടങ്ങുന്നത്. എസ്.എസ്.എൽ.സി ക്ക് ശേഷം തുടർന്നുള്ള രണ്ട് വർഷക്കാലം മലയാളം പഠിക്കുന്നെങ്കിലാണ് സ്കോളർഷിപ്പ് നൽകാൻ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതുകൊണ്ടു തന്നെ ഈ |

| | | | |
|---|---|---|---|
| | | | സ്കോളർഷിപ്പ് +2 തലത്തിൽ മാത്രമേ നൽകാൻ കഴിയൂ.<br><br>5) ഹയർ സെക്കന്ററി തലത്തിൽ ഒന്നാം വർഷവും രണ്ടാം വർഷവും നടത്തുന്ന പരീക്ഷകളിൽ കുട്ടികൾ നേടുന്ന ഗ്രേഡിനൊപ്പം മാർക്ക് കൂടി ചേർക്കുന്നുണ്ട്. ആയതിനാൽ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് മലയാളം പാർട്ട് I നും പാർട്ട് II നും എ+ നേടിയ കുട്ടികൾ ഹയർസെക്കന്ററി തലത്തിൽ മലയാളം ഒരു വിഷയമായി പഠിക്കുന്നുവെങ്കിൽ ഒന്നാം വർഷ പരീക്ഷയിൽ (പ്ലസ് വൺ) അവർ നേടുന്ന മാർക്കിനെ അടിസ്ഥാനമാക്കി ഓരോ സ്കൂളിലും ഒരു നിശ്ചിത എണ്ണം കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകാൻ തീരുമാനിച്ചാൽ അതിന്റെ നിർവ്വഹണം പ്രായോഗികമായി എളുപ്പമുള്ളതാകും ഒറ്റത്തവണ മാത്രം നൽകുന്ന സ്കോളർഷിപ്പ് ആയതിനാൽ ഒരു കുട്ടിക്ക് നിശ്ചിത തുക (1000 രൂപയെങ്കിലും) ലഭിക്കുന്ന തരത്തിൽ കുട്ടികളുടെ എണ്ണം ക്രമീകരിക്കുന്നതിനെപ്പറ്റിയും ആലോചിക്കണം. |

**സെക്ഷൻ ഓഫീസർ**